**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 102** **30-08-2022 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. എം.വിജിൻ,<br>ശ്രീ. പി.പി. സുമോദ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ വൻ മികവ് കൈവരിച്ച സർക്കാർ സ്കൂളുകൾക്ക് അധിക സഹായം ആവശ്യപ്പെട്ടതിനോട് കേന്ദ്ര സർക്കാർ അനുകൂലമായി പ്രതികരിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ; | (എ) | സർക്കാർ സ്കൂളുകൾ ഉൾപ്പെടെയുള്ള പൊതു വിദ്യാലയങ്ങളിൽ ഉച്ചഭക്ഷണം കഴിക്കുന്ന കുട്ടികളുടെ എണ്ണത്തിൽ ഉണ്ടായ വർദ്ധനവ് കണക്കിലെടുത്ത് 2021-22 വർഷം സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്ക് അധിക ധനസഹായമായി 4070.66 ലക്ഷം രൂപ ആവശ്യപ്പെട്ടു കൊണ്ട് 2021 ഡിസംബർ 29-ാം തീയതി യിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ പി.എം പോഷൺ ഡയറക്ടർക്ക് കത്ത് നൽകിയിരുന്നു. എന്നാൽ സംസ്ഥാനം ആവശ്യപ്പെട്ട അധിക ധനസഹായം ഇതുവരെ ലഭ്യമായിട്ടില്ല. |
| (ബി) | സംസ്ഥാനത്തെ വിദ്യാഭ്യാസ മികവിന്റെ അടിസ്ഥാനത്തിൽ ലോകബാങ്ക് സഹായത്തോടെയുള്ള സ്റ്റാർസ് പദ്ധതിയിൽ എത്ര തുകയാണ് അനുവദിച്ചിരിക്കുന്നത്; ഈ പദ്ധതി പ്രകാരം അദ്ധ്യാപന, പഠന പ്രവർത്തനങ്ങളിൽ കൂടുതൽ മികവിനായി എന്തെല്ലാം പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; | (ബി) | സംസ്ഥാനത്തെ വിദ്യാഭ്യാസ മികവിന്റെ അടിസ്ഥാനത്തിൽ ലോക ബാങ്ക് സഹായത്തോടെയുള്ള സ്റ്റാർസ് (STARS) പദ്ധതിയിൽ കേന്ദ്രം 571.98 കോടി രൂപയും സംസ്ഥാനം 381.32 കോടി രൂപയും ചേർത്ത് ആകെ 953.30 കോടി രൂപയാണ് ഈ പദ്ധതിക്കായി ചെലവഴിക്കുന്നത്. 2021-22 വർഷം 140 കോടി രൂപയുടെ പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചത്. ഇതിനായി 2021-22 വർഷം കേന്ദ്ര വിഹിതമായി 57.22 കോടി രൂപയും സംസ്ഥാന വിഹിതമായി 38.15 കോടി രൂപയും ചേർത്ത് ആകെ 95.38 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുകയുടെ പ്രവർത്തനങ്ങൾ വിദ്യാഭ്യാസ വകുപ്പിലെ വിവിധ ഏജൻസികൾ മുഖേന നടപ്പിലാക്കി വരുന്നു. സ്റ്റാർസ് പദ്ധതിയിൽ 2022-23 വർഷം 264.65 കോടി രൂപയുടെ പ്രവർത്തനങ്ങൾ ക്കാണ് അംഗീകാരം ലഭിച്ചത്. 5 പ്രധാന പ്രവർത്തന മേഖലകളായ<br><br>1. Strengthened Early Years Education |

| | | | |
|---|---|---|---|
| | | | 2. Improved Training Assessment System<br><br>3. Improved Teacher performance and classroom practice<br><br>4. Strengthened Service Delivery<br><br>5. Vocational Education and Training<br>എന്നിവയിൽ പ്രീപ്രൈമറി തലത്തിൽ പഠനപോഷണ സാമഗ്രികൾ ക്കുള്ള സഹായം ശാസ്ത്രീയ പ്രീപ്രൈമറി സ്കൂളുകൾക്കുള്ള പ്രവർത്തനമൂലകൾ സജ്ജീകരിക്കൽ, മൾട്ടിസെൻസറി പാർക്കുകൾ സജ്ജമാക്കൽ, കുട്ടികളുടെ പരിമിതികൾ നേരത്തെ തിരിച്ചറിയുന്ന തിനുള്ള പ്രവർത്തനങ്ങൾ, ഡിജിറ്റൽ സാങ്കേതിക വിദ്യാസഹായം പ്രീസ്കൂ വിദ്യാഭ്യാസത്തിന് നൽകൽ, പ്രൈമറി വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ, അധ്യാപ പരിശീലനങ്ങൾ, ട്രൈബൽ, തീരദേശ മേഖലകളിലെ കുട്ടികൾക്കുള്ള ഡിജിറ്റൽ സാങ്കേതിക വിദ്യാസഹായം, പഠനോത്സവങ്ങ സംഘടിപ്പിക്കൽ, ഇ-സ്കൂൾ, വിവിധ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെ കുറിച്ചും അവയുടെ പ്രവേശന രീതികളെക്കുറിച്ചും ഹയർ സെക്കന്ററി കുട്ടികൾക്ക് ധാരണ നൽകൽ, പാദമുദ്രകൾ (പ്രാദേശിക ചരിത്രരചന), വെർച്വൽ റിയാലിറ്റി ലാബുകൾ, കുട്ടികളുടെ സാഹിത്യവാസന പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ, അധ്യാപകർക്ക് ഡിജിറ്റൽ സാങ്കേതികവിദ്യ പരിചയപ്പെടുത്തൽ, സാമൂഹികമായും സാമ്പത്തികമായും പിന്നോക്ക നിൽക്കുന്ന കുട്ടികളുടെ പഠന വിടവ് നികത്തുന്നതിനുള്ള പ്രവർത്തനങ്ങൾ, ആദിവാസി കുട്ടികൾക്കുള്ള പഠന പിന്തുണാ പ്രവർത്തനങ്ങൾ, സ്കൂൾ മേലധികാരികൾ ക്കുള്ള പരിശീലനങ്ങൾ, ആലപ്പുഴ ജില്ലയിലെ 11 ബി.ആർ.സി കളിൽ STREAM സെന്ററുകൾ സജ്ജീകരിക്കൽ, കരിയർ ഗൈഡൻസ് പ്രോഗ്രാം, ഔട്ട് ഓഫ് സ്കൂൾ കുട്ടികൾക്കും ഭിന്നശേഷി കുട്ടികൾക്കുമുള്ള സ്കൂൾ കാമ്പസ് കേന്ദ്രീകരിച്ച് സ്കിൽ ഡവലപ്മെന്റ് സെന്ററുകൾ സജ്ജീകരിക്കൽ തുടങ്ങിയ വിവിധ പ്രവർത്തനങ്ങളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. |
| (സി) | സ്കൂൾതല അക്കാദമിക മാസ്റ്റർ പ്ലാനിന് അന്തിമ അംഗീകാരമായിട്ടുണ്ടോ; ഓരോ വിദ്യാലയത്തെയും | (സി) | സ്കൂൾതല അക്കാദമിക മാസ്റ്റർ പ്ലാനുകൾ പുനർവായന നടത്തുന്നതിനുള്ള "അക്കാദമിക മാസ്റ്റർ പ്ലാൻ |

| | | | |
|---|---|---|---|
| | ഉത്കൃഷ്ട സ്ഥാപനമാക്കുന്ന തരത്തിലാണോ മാസ്റ്റർ പ്ലാൻ വിഭാവനം ചെയ്തിരിക്കുന്നതതെന്ന് വ്യക്തമാക്കാമോ? | | ഘട്ടം-2" മാർഗ്ഗരേഖ (കരട്) എസ്.സി.ഇ.ആർ.ടി വികസിപ്പിച്ചിട്ടുണ്ട്. കേരളത്തിലെ ഓരോ കുട്ടിക്കും തുല്യതയോടെ അതത് തരത്തിലുള്ള പഠനനേട്ടങ്ങൾ ആധുനിക സങ്കേതങ്ങളെ പരമാവധി പ്രയോജന പ്പെടുത്തി ആസ്വാദ്യകരമായി ലഭ്യമാക്കു ന്നതിന് അനുയോജ്യമായ പഠനാന്തരീക്ഷം സംജാതമാക്കുക എന്നതാണ് അക്കാദമിക മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാന ദർശനം. പദ്ധതി രൂപീകരണത്തിന് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, അടിസ്ഥാന പഠനം, ഘടന, സ്കൂൾതല മോണിറ്ററിംഗ്, സ്കൂൾതലത്തിൽ നടപ്പിലാക്കേണ്ട വിവിധ പ്രവർത്തനങ്ങൾ, ചുമതലകൾ, ഉപജില്ല, ജില്ല, സംസ്ഥാന തലങ്ങളിൽ നടക്കേണ്ട പ്രവർത്തനങ്ങളും, ചുമതലകളും എന്നിവയൊക്കെ വിശദ മായി മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗരേഖ (കരട്) പൊതു വിദ്യാഭ്യാസ വകുപ്പ് ഇതിനോടകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. എസ്.എസ്.കെ, ഡയറ്റ്, കൈറ്റ്, എസ്.ഐ.ഇ.റ്റി, ജില്ലാമിഷൻ എന്നിവരുൾപ്പെട്ട ജില്ലാതല റിസോഴ്സ് ടീം രൂപീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. ഈ അക്കാദമിക വർഷം മുതൽ അക്കാദമിക മാസ്റ്റർ പ്ലാൻ അടിസ്ഥാനമാക്കി സമയക്രമം നിശ്ചയിച്ച് പ്രവർത്തന പദ്ധതികളാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ